**കേരള സർക്കാർ**

**ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്**

**<u>പരിപത്രം</u>**

നം.എ 3/350/16/ഉ.വി.വ. തിരുവനന്തപുരം, 20.12.2016

4403

വിഷയം:- കേരള സ്റ്റേറ്റ് കോമൺപൂൾ ലൈബ്രറി സർവ്വീസ് - ജീവനക്കാര്യം - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലൈബ്രേറിയൻ തസ്തികയിൽ നിയമനം നടത്തുന്നത് - സംബന്ധിച്ച്.

16.12.15 ലെ എ 3/66/2015/ഉവിവ നമ്പർ പരിപത്രം പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികൾക്ക് ടി സ്ഥാപനത്തിൽ കോമൺപൂൾ ലൈബ്രേറിയന്മാരുടെ തസ്തികയിൽ ഒഴിവ്/ഒഴിവുകൾ ഉണ്ടെങ്കിൽ, പി.എസ്.സി. നിയമനം/ സ്ഥാനക്കയറ്റം മുഖേന ലൈബ്രേറിയന്മാരുടെ നിയമനം നടക്കുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു നാലാംഗ്രേഡ് ലൈബ്രേറിയനെ നിയമിക്കുവാൻ അനുമതി നൽകിയിരുന്നു. പ്രസ്തുത നിയമനങ്ങൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണെന്ന് 6.12.15 ലെ പരിപത്രത്തിൽ നിർദ്ദേശിച്ചിരുന്നു. ആയതുമൂലം വിവിധ സ്ഥാപന മേധാവികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന ഓരോ നിയമനത്തിനും സാധൂകരണം നൽകിക്കൊണ്ട് വെവ്വേറെ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട ഒരു സാഹചര്യം നിലവിലുണ്ട്. ഇത് ഒഴിവാക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ലൈബ്രേറിയന്റെ നിയമനത്തിന്റെ സാധുത ഓരോ സ്ഥാപന മേധാവിയും വ്യക്തമായി പരിശോധിച്ച ശേഷം പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്. നിയമനത്തിന് സാധൂകരണം നൽകിക്കൊണ്ട് സർക്കാർ ഇനി മുതൽ പ്രത്യേകിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതല്ല.

**ബി. ശ്രീനിവാസ്**
പ്രിൻസിപ്പൽ സെക്രട്ടറി

To

എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജ് മേധാവികൾക്കും
സർക്കാർ എഞ്ചിനീയറിംഗ്/മെഡിക്കൽ/നിയമ/ഹോമിയോ/ആയുർവ്വേദ/നഴ്സിംഗ്/പോളിടെക്നിക്/ഫാർമസി/മ്യൂസിക്/ഫൈൻ ആർട്സ് കോളേജ് മേധാവികൾക്കും
എല്ലാ ഡയറക്ടറേറ്റുകൾക്കും
എല്ലാ ഡയറ്റ് മേധാവികൾക്കും
ഐ.എ.എസ്. കോച്ചിംഗ് സെന്റർ തിരുവനന്തപുരം/എറണാകുളം മേധാവിക്ക്
ബാക്ക് വേർഡ് ക്ലാസ് ഇൻസ്റ്റിട്യൂട്ട് മേധാവിക്ക്
പ്ലാനിംഗ് ബോർഡ് ചെയർമാന്
എല്ലാ ITI പ്രിൻസിപ്പാൾമാർക്കും
കിർത്താഡ്സ് മേധാവിക്ക്
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ.സി.6/38825/2016/കോ.വി.വ തീയതി. 27.02.2017

സർക്കാർ പരിപത്രത്തിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി അയയ്ക്കുന്നു.

ഒപ്പ്,
കൃഷ്ണകുമാർ.ടി.വി,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

പകർപ്പ്

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും.
2. സിസ്റ്റം മാനേജർ, ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. കരുതൽ ഫയൽ.
4. നടപ്പ് ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്.

എസ്.വി.03.03.2017